അതിജീവിക്കുന്നു. അദാലത്തുകൾ നടത്തിയാൽ ഇവർ വരാറില്ല. താലൂക്ക് വികസന സമിതിയിൽ ഗുരുതരമായ ആരോപണങ്ങൾ എന്റെ താലൂക്കിലുണ്ടായപ്പോൾ ഇവരെ വിളിച്ചുവരുത്താൻ ഞങ്ങൾ ശ്രമിച്ചപ്പോൾ അവർ വഴങ്ങിയില്ല. ഞങ്ങൾ വരില്ല എന്നുപറഞ്ഞു. ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് ഇടപെടണം, എല്ലാ എൻഫോഴ്സ്മെന്റും നടത്താൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. സി. ദിവാകരൻ : സർ, പരമാവധി ഗവൺമെന്റ് എൻഫോഴ്സ് ചെയ്യുന്നുണ്ട്. എസൻഷ്യൽ കമോഡിറ്റീസ് ആക്ട് ഉൾപ്പെടെ നിലവിലുള്ള നിയമങ്ങളെല്ലാം തന്നെ എൻഫോഴ്സ് ചെയ്യേണ്ടത് കളക്ടർമാരാണ്. അവരോട് അത് ആവശ്യപ്പെട്ടിട്ടുണ്ട്, അവർ അത് എൻഫോഴ്സ് ചെയ്യുന്നുമുണ്ട്. ഇതെല്ലാം കഴിഞ്ഞാലും കോടതിയിൽ പോയാൽ സംസ്ഥാന ഗവൺമെന്റിന് ഇതിനകത്ത് അധികാരമില്ലെന്നുള്ള തരത്തിൽ കോടതിയിൽനിന്ന് ചില ഉത്തരവുകൾ കിട്ടിയിട്ടുണ്ട്.

അവശ്യ സാധനങ്ങളുടെ ഗുണനിലവാരം

5 (*155) ശ്രീ. എം. ജെ. ജേക്കബ് :
ശ്രീമതി ജെ. അരുന്ധതി :

ശ്രീ. കെ. സി. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വില്പനശാലകളിലൂടെ വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് നിലവിലുള്ള സംവിധാനം എന്താണ് ;

(ബി) വില്പനശാലകളിൽ വിജിലൻസ് വിഭാഗം ഈയിടെ നടത്തിയ പരിശോധനയിൽ ഗുണനിലവാരം കുറഞ്ഞ സാധനങ്ങൾ കണ്ടെത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ ഇതിന് ഉത്തരവാദിയായവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) സപ്ലൈകോയ്ക്ക് ആവശ്യമായ എല്ലാ സാധനങ്ങളും കേന്ദ്രീകൃത പർച്ചേസിലൂടെ മാത്രം വിതരണം ചെയ്യാൻ ആവശ്യമായ സംവിധാനം ഏർപ്പെടുത്തുമോ ;

(ഇ) സപ്ലൈകോയുടെ കഴിഞ്ഞ നാല് വർഷത്തെ വിറ്റുവരവ് എത്രയാണ് ; ഓരോ വർഷവും എത്രകോടി രൂപയുടെ സബ്സിഡിയാണ് ഉപഭോക്താക്കൾക്ക് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) : സർ,

(എ) ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഡിപ്പോ തലങ്ങളിൽ പരിശോധിക്കുന്നത് ബന്ധപ്പെട്ട ഡിപ്പോ മാനേജർ, ജൂനിയർ മാനേജർ, സ്റ്റോക്ക് കസ്റ്റോഡിയൻ എന്നിവരാണ്. കൂടാതെ ജില്ലാതലങ്ങളിൽ ക്വാളിറ്റി

LIBRARY ARCHIVES Kerala Legislative Assembly

പരിശോധനയ്ക്ക് ക്വാളിറ്റി അഷ്വറൻസ് ഓഫീസർമാരുണ്ട്. ഡിപ്പോതലങ്ങളിലെ പരിശോധനയ്ക്കുശേഷം തുടർന്നുള്ള ക്വാളിറ്റി അഷ്വറൻസ് ഓഫീസർമാരുടെ പരിശോധനയിൽ ഉൽപ്പന്നങ്ങൾ മാനദണ്ഡങ്ങൾക്ക് അനുസരിച്ചുള്ളവയല്ലെങ്കിൽ അവ തിരസ്ക്കരിക്കാനും കരാറുകാരിൽനിന്ന് മാറ്റി വാങ്ങാനുള്ള സംവിധാനവുമുണ്ട്. ഗുണനിലവാരം പരിശോധിക്കുന്നതിന് ബഹുമാനപ്പെട്ട ഇ. കെ. മുരളീധരൻ കമ്മീഷൻ അംഗീകരിച്ച ക്വാളിറ്റി മാനുവൽ പ്രകാരമാണ്. ഉൽപ്പന്നങ്ങളുടെ ജൈവ സൂക്ഷ്മ പരിശോധന നടത്താൻ കോന്നിയിലുള്ള സി.എഫ്.ആർ.ഡി-യിൽ വ്യവസ്ഥയുണ്ട്. ഡിപ്പോകളിൽനിന്ന് ഔട്ട്ലെറ്റ് തലങ്ങളിൽ അയയ്ക്കുന്ന സാധനങ്ങൾ ഔട്ട്ലറ്റ് തലങ്ങളിൽ പരിശോധിക്കുവാനും അവ വ്യത്തിയാക്കൽ പ്രക്രിയ ചെയ്യുവാനും വ്യവസ്ഥയുണ്ട്. കോർപ്പറേഷനിലുള്ള വിജിലൻസ് വിഭാഗം എല്ലാ മാസവും സംസ്ഥാനത്തുള്ള ഡിപ്പോകളിൽനിന്ന് സാമ്പിളുകൾ ശേഖരിച്ച് പരിശോധിപ്പിക്കുന്നുണ്ട്. ഉപഭോക്താവിന് ഗുണമേൻമയിൽ സംശയം തോന്നുന്നപക്ഷം അത്തരം സാധനങ്ങൾ മടക്കി നൽകിയാൽ സാധനങ്ങളുടെ മുഴുവൻ വിലയും ഉപഭോക്താവിന് തിരികെ നൽകുവാനുള്ള സംവിധാനവും നിലവിലുണ്ട്. ഇവയുടെ വിവരം ശേഖരിക്കാൻ വിൽപ്പനശാലകളിൽ പ്രത്യേക രജിസ്റ്ററുകൾ സൂക്ഷിക്കുകയും മേൽനടപടി കൈക്കൊള്ളുകയും ചെയ്യുന്നു.

(ബി) ചില സാധനങ്ങളിൽ ഗുണമേൻമയിൽ നേരിയ വ്യതിയാനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സ്വീകരിച്ചിട്ടുണ്ട്. സപ്ലൈകോ തൃശ്ശൂർ ഡിപ്പോയിലെ അസിസ്റ്റന്റ് മാനേജർ ശ്രീ. എസ്. സെബാസ്റ്റ്യൻ, ജൂനിയർ മാനേജർ ശ്രീമതി കെ. വിജയലക്ഷ്മി, ശ്രീ. കെ. വി. വിനോഷ്, സീനിയർ അസിസ്റ്റന്റ്-II എന്നിവരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തു. എറണാകുളം ജില്ലാ ഡിപ്പോയിലെ ജൂനിയർ മാനേജർ (ക്യു.എ) ആയി താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന ശ്രീമതി അസ്റ ബക്കറിനെ പിരിച്ചുവിട്ടു. ശ്രീ. റ്റി. എ.അബ്ദുള്ള (ജൂനിയർ അസിസ്റ്റന്റ്)-നെ സസ്പെന്റ് ചെയ്തു. കൂടാതെ Tetrazine അടങ്ങിയ ചെറുപയർ പരിപ്പ് സപ്ലൈകോ വഴി വിതരണത്തിന് നൽകിയ സപ്ലയർക്കെതിരെ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) സപ്ലൈകോ വിൽപ്പനയ്ക്ക് ആവശ്യമായ 18 ഇനം നിത്യോപയോഗ സാധനങ്ങൾ മാത്രമാണ് നിലവിൽ ഇ-പർച്ചേസ് മുഖാന്തിരം വാങ്ങുന്നത്. പ്രാദേശിക ഉപഭോക്തൃ താൽപ്പര്യം മുൻനിർത്തി മാത്രമേ മറ്റിനം സാധനങ്ങൾ വാങ്ങാൻ സാധിക്കുകയുള്ളൂ. ആയതിനാൽ കേന്ദ്രീകൃത ഇ-പർച്ചേസ് സംവിധാനത്തിൽ ഇവ വാങ്ങുന്നതിന് പ്രായോഗികമായ ബുദ്ധിമുട്ടുകൾ ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കഴിഞ്ഞ നാല് വർഷത്തെ വിറ്റുവരവിന്റേയും വിവിധയിനം വിപണന പദ്ധതികളുടെ വിൽപ്പന വിലയുടേയും പൊതുകമ്പോള വിലയുടെയും അടിസ്ഥാനത്തിൽ ഉപഭോക്താക്കൾക്ക് നൽകിയിട്ടുള്ള ആനുകൂല്യത്തിന്റേയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	വിറ്റുവരവ് (രൂപയിൽ)	ആനുകൂല്യം (രൂപയിൽ)
2006-07	1011 കോടി	ഏകദേശം 90 കോടി
2007-08	1256 കോടി	ഏകദേശം 200 കോടി
2008-09	1851 കോടി	ഏകദേശം 250 കോടി
2009-10	2284 കോടി	ഏകദേശം 375 കോടി

(ചോദ്യോത്തര സമയം കഴിഞ്ഞു)

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വിവിധ സ്ഥാപനങ്ങളിലെ നിയമനം പി.എസ്.സി.-ക്ക് വിടുന്ന നടപടി

6(*157) ശ്രീ. എ. സി. മൊയ്തീൻ :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. ബി. രാഘവൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി. മുഖേന നടത്താൻ തീരുമാനിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി. മുഖേന നടത്തുന്നതിനുള്ള നടപടി പൂർത്തിയായിട്ടുണ്ടോ ;

(സി) പി.എസ്.സി. മുഖേന നിയമനം നടത്താൻ ബന്ധപ്പെട്ട നിയമനങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) പുതുതായി ഏതെങ്കിലും സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി. മുഖേന നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്യുതാനന്ദൻ) :

(എ&ബി) തിരുവിതാംകൂർ, കൊച്ചിൻ, മലബാർ ദേവസ്വം ബോർഡുകൾ, കേരള സ്റ്റേറ്റ് ഹൗശ്രി ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള

LIBRARY ARCHIVES Kerala Legislative Assembly